# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല

# ഓഡിറ്റ് റിപ്പോർട്ട് 2018-19



കെ.എസ്.എ-സി.എൽ.യു/എ3/890/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കാലിക്കറ്റ് സർവകലാശാല ഓഡിറ്റ്
കാലിക്കറ്റ് യൂണിവേഴ്സിറ്റി പി.ഒ, പിൻ-673635
തേഞ്ഞിപ്പലം, ഫോൺ നം: 0494 2400264
ഇ-മെയിൽ : calicututy.ksad@kerala.gov.in
തീയതി : 07/01/2020

ജോയിന്റ് ഡയറക്ടർ,
കാലിക്കറ്റ് സർവകലാശാല ഓഡിറ്റ്.

വൈസ് ചാൻസലർ,
തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല.

സർ,

വിഷയം : കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് – 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 2013 ലെ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല നിയമം അദ്ധ്യായം VII, വകുപ്പ് 44(2) എന്നിവ പ്രകാരം മലയാളസർവകലാശാലയുടെ 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നു. 1994 ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 15 (1)-ആം വകുപ്പിൽ നിർദ്ദേശിക്കുന്ന വിധം ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും, ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission അയച്ചു തരേണ്ടതുമാണ്.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ
കാലിക്കറ്റ് സർവകലാശാല ഓഡിറ്റ്

പകർപ്പ് :
1. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4. കാര്യാലയ പ്രതി

കെ.എസ്.എ.-സി.എൽ.യു. എ3/890/2019 തീയതി: 07/01/2020

## തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*[2013 ലെ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല നിയമം അദ്ധ്യായം VII വകുപ്പ് 44(2), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്]*

1994 ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 2013 ലെ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല നിയമം അദ്ധ്യായം VII, വകുപ്പ് 44(2) എന്നിവ പ്രകാരമാണ് തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയുടെ 2018-19 വർഷത്തെ ഓഡിറ്റ് നടത്തിയിട്ടുള്ളത്. ഓഡിറ്റ് സമയത്ത് കണ്ടെത്തിയ അപാകതകൾ ഓഡിറ്റ് എൻക്വയറി മുഖേന ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 1994 ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 15(1) വകുപ്പിൽ നിർദ്ദേശിക്കുന്ന വിധം ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ച് വിവരം ഈ കാര്യാലയത്തെ അറിയിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് / ഉദ്യോഗപ്പേര് | സി.വൈ സലിം, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ശ്രീമതി. ബീന കെ.സി ഓഡിറ്റ് ഓഫീസർ |
| | ശ്രീ. രഘുനാഥ് സി ഓഡിറ്റ് ഓഫീസർ |
| | ശ്രീ. മുഹമ്മദ് അലി അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. പൊന്നു.കെ അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. സിന്ധു.ഐ സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. മുഹമ്മദ് ഫാസിൽ ടി.ടി ഓഡിറ്റർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 06.11.2019 മുതൽ 26.11.2019 വരെ |

### നിർവഹണാധികാരികൾ

| | |
|---|---|
| വൈസ് ചാൻസലർ | ഡോ. വി. അനിൽ കുമാർ<br>(01.04.2018 മുതൽ 31.03.2019 വരെ) |
| രജിസ്ട്രാർ | ഡോ. കെ.എം. ഭരതൻ<br>(01.04.2018 മുതൽ 16.05.2018 വരെ) |
| | ഡോ. സി. സൈതലവി<br>(17.05.2018 മുതൽ 03.06.2018 വരെ) |
| | ഡോ. ടി. അനിതകുമാരി<br>(04.06.2018 മുതൽ 31.03.2019 വരെ) |
| ഫിനാൻസ് കൺസൾട്ടന്റ് | ശ്രീ. ജോസഫ് മാത്യൂ<br>(01.04.2018 മുതൽ 21.12.2018 വരെ) |
| ഫിനാൻസ് ഓഫീസർ ഇൻ ചാർജ് | ശ്രീ. രത്നകുമാർ കെ.<br>(22.12.2018 മുതൽ 31.03.2019 വരെ)<br>(2415/എ1/2018/അഡ്മിൻ തീയതി 22.12.2018 നമ്പർ ഉത്തരവ് പ്രകാരം ഫിനാൻസ് കൺസൾട്ടന്റ് തസ്തിക, ഫിനാൻസ് ഓഫീസർ ഇൻ ചാർജ് എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്) |
| അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | ശ്രീ. മോഹനനാഥബാബു എൻ.<br>(01.04.2018 മുതൽ 31.08.2018 വരെ)<br>(01.09.2018 മുതൽ തസ്തിക ഒഴിവാക്കി) |
| കൺട്രോളർ ഓഫ് എക്സാമിനേഷൻസ് | ഡോ. എം. ശ്രീനാഥൻ<br>(01.04.2018 മുതൽ 11.06.2018) |
| | ഡോ. രാധാകൃഷ്ണൻ ഇ.<br>(12.06.2018 മുതൽ 31.03.2019 വരെ) |

**ഉള്ളടക്കം**


| ഖണ്ഡിക | വിഷയം | പേജ് നമ്പർ |
|---|---|---|
| | **ഭാഗം 1**<br>**പൊതു അവലോകനം** | |
| 1-1 | പൊതുവായ വിവരങ്ങൾ | 6 |
| 1-2 | ബജറ്റ് | 7 |
| 1-3 | വാർഷിക ധനകാര്യ പത്രിക | 8 |
| 1-4 | വിവിധ ധന സഹായങ്ങളും വിനിയോഗവും | 8 |
| 1-5 | വിനിയോഗ സാക്ഷ്യപത്രങ്ങൾ | 11 |
| 1-6 | തനത് വരുമാനം | 11 |
| 1-7 | എൻഡോവ്മെന്റുകൾ / ചെയറുകൾ എന്നിവയുടെ വിവരം | 11 |
| 1-8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 12 |

| | | |
|---|---|---|
| ഭാഗം 2<br>വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 2-1 | ഫീസിനത്തിൽ 4,11,400/-രൂപ കുടിശ്ശിക | 12 |
| 2-2 | പി.ടി.എ കമ്മിറ്റിയുടെ പ്രവർത്തനത്തിലെ അപാകതകൾ | 13 |
| 2-3 | ഇ-ഗ്രാൻറ്സ് ലഭിച്ച തുക വിതരണം ചെയ്തിട്ടില്ല | 13 |
| 2-4 | ഹോസ്റ്റൽ ഫീസ് കുടിശ്ശിക ഈടാക്കിയിട്ടില്ല | 14 |
| 2-5 | സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന് പുസ്തകങ്ങൾ നൽകിയതിലെ അപാകതകൾ | 14 |
| 2-6 | കാലഹരണപ്പെട്ട കോഷൻ ഡെപ്പോസിറ്റുകൾ സർവകലാശാല ഫണ്ടിൽ ഒടുക്കിയിട്ടില്ല | 15 |
| ഭാഗം 3<br>ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 3-1 | ഫണ്ട് വിനിയോഗവും വകമാറ്റലും | 15 |
| 3-2 | പ്രോജക്ടുകൾ – വകയിരുത്തിയ തുകയും ചെലവ് തുകയും തമ്മിൽ വൻ അന്തരം | 17 |
| 3-3 | വൈക്കം മുഹമ്മദ് ബഷീർ സാഹിത്യ ഫണ്ട് രൂപീകരണത്തിലെ അപാകത | 18 |
| 3-4 | സ്ത്രീ സാഹിത്യ പഠനകേന്ദ്രം - പ്രോജക്ട് പ്രവർത്തനം ആരംഭിച്ചില്ല | 19 |
| 3-5 | "ഭിന്ന ഭാഷാ ശേഷി കോർപ്പസ്" പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ | 20 |
| 3-6 | ആശാൻ ദത്ത ശേഖരണം - പ്രോജക്ട് പൂർത്തീകരിച്ചില്ല | 21 |
| 3-7 | സമഗ്ര മലയാളം ഓൺലൈൻ നിഘണ്ടു; ഫലപ്രാപ്തി കൈവരിച്ചില്ല | 21 |
| 3-8 | ലൈബ്രറി സ്റ്റാഫ് - ശ്രീ. ജയരാജൻ .പി എന്നവരുടെ ശമ്പള വിതരണത്തിലെ അപാകത | 24 |
| 3-9 | അതിഥി അദ്ധ്യാപകർക്ക് ജോലിക്ക് ഹാജരാകാതിരുന്ന ദിവസങ്ങളിലെ (പൊതു പണിമുടക്ക്) വേതനം അനുവദിച്ചത് ക്രമപ്രകാരമല്ല | 24 |
| 3-10 | കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയത് സർക്കാർ ഉത്തരവിന് വിരുദ്ധം | 26 |
| 3-11 | മുൻകൂർ നൽകിയ 1412770/- രൂപ നാളിതുവരെയും ക്രമീകരിച്ചില്ല | 26 |
| 3-12 | എൻ.എസ്.എസ്.ചെലവ് - വൗച്ചറുകൾ ലഭ്യമാക്കിയിട്ടില്ല | 32 |
| 3-13 | മരാമത്തു പ്രവൃത്തി – ഈടാക്കിയ നികുതി കരാറുകാരന് തിരിച്ചു കൊടുത്തതിൽ അപാകത | 32 |
| 3-14 | ഹോസ്റ്റൽ പെയിന്റിംഗ് കൂലി സർവകലാശാല ഫണ്ടിൽ നിന്ന് നൽകിയതിലെ അപാകതകൾ | 33 |
| 3-15 | ലൈബ്രറി സ്റ്റോക്കിലെ അപാകത | 34 |
| ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 4-1 | വാർഷികകണക്ക് പ്രകാരമുള്ള വരവ് ചെലവ് വിശദാംശം | 39 |

| | | |
|---|---|---|
| 4-2 | സാമ്പത്തിക നില | 39 |
| 4-3 | പൊരുത്തപ്പെടുത്തൽ പത്രിക | 40 |
| 4-4 | ബാങ്ക് നീക്കിയിരിപ്പ്/കയ്യിരുപ്പ് പണം വിശദാംശങ്ങൾ | 41 |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ | 42 |
| 4-6 | ഓഡിറ്റ് റിക്കവറി | 44 |
| 4-7 | ഓഡിറ്റ് ചാർജ് | 44 |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം | 45 |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 47 |


# ഭാഗം -1

# പൊതു അവലോകനം

## 1-1 പൊതുവായ വിവരങ്ങൾ

2012 നവംബർ 1-ാം തീയതിയാണ് മലപ്പുറം ജില്ലയിലെ തിരൂർ തുഞ്ചൻപറമ്പ് ആസ്ഥാനമായി തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല നിലവിൽ വന്നത്. ഗവൺമെൻറ് താൽക്കാലികമായി അനുവദിച്ച സ്ഥലത്താണ് സർവകലാശാല പ്രവർത്തിക്കുന്നതെങ്കിലും, ലഭ്യമായ അഞ്ച് ഏക്കറിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ കാമ്പസ് സജ്ജമായിട്ടുണ്ട്. പതിനായിരം ചതുരശ്ര അടി വിസ്തൃതിയുള്ള ആദ്യകെട്ടിടം 2013 ആഗസ്റ്റിൽ പൂർത്തിയായി, ക്ലാസുകളും ആരംഭിച്ചു. ആദ്യത്തെ അഞ്ചു കോഴ്സുകളും അവിടെ നടന്നു. അടുത്തവർഷം, ഏഴു കോഴ്സുകൾ ആയതോടെ 24000 ചതുരശ്ര അടി വിസ്തൃതിയുള്ള ആധുനിക സൗകര്യങ്ങളോടുകൂടിയ അക്കാദമിക് മന്ദിരം നിലിൽ വന്നു. “2013 ലെ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലാ നിയമം" എന്ന പേരിൽ സർവകലാശാല നിയമം നിലവിൽ വന്നു. പ്രസ്തുത ആക്ടിലെ 4 (1)-ാം വകുപ്പു പ്രകാരം ഇന്ത്യ മുഴുവനുമാണ് മലയാളസർവകലാശാലയുടെ പ്രവർത്തന പരിധി. നിലവിൽ സർവകലാശാലയിൽ 361 വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ | എണ്ണം |
|---|---|
| ഒന്നാം വർഷം | 88 |
| രണ്ടാം വർഷം | 157 |
| എം.ഫിൽ വിദ്യാർത്ഥികൾ | 30 |
| പി.എച്ച്.ഡി വിദ്യാർത്ഥികൾ | 86 |
| ആകെ | 361 |

**മലയാളസർവകലാശാലയ്ക്ക് യു.ജി.സി (12ബി) അംഗീകാരം**

യു.ജി.സിയുടെ സാമ്പത്തിക അംഗീകാരം ഉൾപ്പെടെയുള്ള 12ബി അംഗീകാരം 2018 ഫെബ്രുവരി 22ന് മലയാളസർവകലാശാലയ്ക്ക് ലഭിച്ചു. 1956 യു.ജി.സി ആക്ടിലെ 12ബി അംഗീകാരം ലഭിക്കുന്ന സംസ്ഥാനത്തെ ഏറ്റവും പ്രായം കുറഞ്ഞ സർവകലാശാലയാണിത്. ആദ്യമായാണ് കേരളത്തിൽ ഒരു സർവകലാശാലയ്ക്ക് ഇത്രയും ചുരുങ്ങിയ പ്രവർത്തനകാലയളവിനുള്ളിൽ 12ബി അംഗീകാരം ലഭിക്കുന്നത്. അക്കാദമികവും ഭരണപരവുമായ പ്രവർത്തനമികവ് കണക്കിലെടുത്തുകൊണ്ടാണ്

സർവകലാശാലയെ യു.ജി.സി. അംഗീകരിച്ചത്. ഇതോടെ മലയാളസർവകലാശാലയ്ക്ക് മറ്റ് സർവകലാശാലകൾക്കൊപ്പം യു.ജി.സി അംഗീകാരത്തിന്റെ പദവിയിലും തുല്യത കൈവന്നു.

<u>സർവകലാശാല ആസ്ഥാന മന്ദിരം പണിയുന്നതിന് ഭൂമി വാങ്ങി</u>

2012 നവംബർ ഒന്നിന് രൂപീകൃതമായ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയ്ക്ക് സ്ഥിരം ക്യാമ്പസിനു വേണ്ടി ഭൂമി കണ്ടെത്താൻ നിരന്തരമായി നടത്തിവന്നിരുന്ന അന്വേഷണത്തിനൊടുവിൽ തിരൂർ താലൂക്കിലെ വെട്ടം വില്ലേജിൽ മാങ്ങാട്ടിരി എന്ന സ്ഥലത്ത് 4.2078 ഹെക്ടർ (10.39 ഏക്കർ) ഭൂമി 16.64 കോടി രൂപ വില നിശ്ചയിച്ച് വാങ്ങുകയും, ഇതിൽ 59.33 സെന്റ് ഒഴിച്ച് ബാക്കി സ്ഥലത്തിന്റെ ആധാരം 27.08.2019 ന് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഭരണ കാര്യാലയം, സെനറ്റ് ഹൗസ്, സെമിനാർ കോംപ്ലക്സുകൾ, ഓഡിറ്റോറിയം അക്കാദമിക് ബ്ലോക്ക്, വിവിധ പഠനവകുപ്പുകൾ, ലൈബ്രറി, പ്രസ്, പബ്ലിക്കേഷൻ ഡിവിഷൻ, ഗസ്റ്റ് ഹൗസുകൾ, പരീക്ഷാഭവൻ, സ്റ്റേഡിയം, ഹോസ്റ്റലുകൾ, കാന്റീൻ തുടങ്ങി സർവകലാശാലയ്ക്ക് ആവശ്യമായ വിവിധ കെട്ടിട സമുച്ചയങ്ങൾ നിർമിക്കുന്നതിന് ഇനിയും ഭൂമി കണ്ടെത്തേണ്ടതായിട്ടുണ്ട്.

## 1-2 ബജറ്റ്

അക്കാദമിക് നിലവാരം ഉയർത്തുന്നതിനും ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഊന്നൽ നൽകുന്ന സർവകലാശാലയുടെ 2018-19 വർഷത്തെ വാർഷിക ബജറ്റിന് 22.02.2018ന് ചേർന്ന 18-ാമത് പൊതുസഭ അംഗീകാരം നൽകി. മുന്നിരിപ്പ് ഉൾപ്പെടെ 2643.60 ലക്ഷം രൂപ വരവും 2380 ലക്ഷം രൂപ ചെലവും പ്രതീക്ഷിക്കുന്ന ബജറ്റാണ് വൈസ് ചാൻസലർ ഡോ. ഉഷ ടൈറ്റസ് ഐ.എ.എസ്. പൊതുസഭ മുമ്പാകെ അവതരിപ്പിച്ചത്. 22.02.2018 ലെ 05/18ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച ബജറ്റ് എസ്റ്റിമേറ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| 2018-19 ബജറ്റ് | | | |
|---|---|---|---|
| വരവ് | തുക ലക്ഷത്തിൽ | ചെലവ് | തുക ലക്ഷത്തിൽ |
| മുന്നിരിപ്പ് | 688.55 | ഭൗതിക സൗകര്യ വികസനം (യു.ജി.സി സഹായം ഉൾപ്പെടെ) | 825 |
| അക്കാദമിക് വരുമാനം | 44 | അക്കാദമിക് പ്രവർത്തനങ്ങൾ | 300 |
| മറ്റു വരുമാനങ്ങൾ | 7.30 | അദ്ധ്യാപക ശാക്തീകരണം | 17 |
| | | വിദ്യാർത്ഥി ക്ഷേമം | 107 |
| കേരള സർക്കാർ പദ്ധതി - സഹായധനം | 850 | പ്രോജക്ടുകൾ | 180 |
| | | പ്രസിദ്ധീകരണങ്ങൾ | 50 |
| കേരള സർക്കാർ പദ്ധതിയേതര - സഹായധനം | 600 | ഭാഷാസാഹിത്യ വ്യാപനം | 63 |
| മറ്റ് ധനസഹായം - യു.ജി.സി | 200 | അന്തർ സർവകലാശാല – | 20 |

| | | | |
|---|---|---|---|
| | | സ്ഥാപന സഹകരണം | |
| മറ്റ് സ്ഥാപനങ്ങൾ | 20 | സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനം | 12 |
| | | ഭരണപരമായ ആധുനീകരണം | 30 |
| | | ശമ്പളം, ഭരണ ചെലവുകൾ | 620 |
| | | മറ്റ സഹായധനങ്ങൾ - ചെലവുകൾ | 20 |
| പൊതു കണക്ക് | 233.75 | പൊതു കണക്ക് | 136 |
| | | **ആകെ ചെലവ്** | **2380** |
| | | നീക്കിയിരിപ്പ് | 263.60 |
| ആകെ | **2643.60** | ആകെ | **2643.60** |

# 1-3 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യ പത്രിക സർവകലാശാല അംഗീകരിച്ച തീയതി | വാർഷിക ധനകാര്യ പത്രിക ഓഡിറ്റിന് ലഭിക്കേണ്ട തീയതി | വാർഷിക ധനകാര്യ പത്രിക ഓഡിറ്റിന് ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 27.09.2019 | 31.07.2019 | 25.06.2019 | ---- | ---- |

കുറിപ്പ് : 2018-19 വാർഷിക ധനകാര്യ പത്രിക, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയുടെ നിർവ്വാഹക സമിതി അംഗീകരിക്കാതെയാണ് ഓഡിറ്റിന് 25.06.2019 ന് തപാൽ മുഖേന ലഭ്യമാക്കിയിത്. ഓൺലൈനായി സമർപ്പിച്ചത് 06.11.2019 നാണ്. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9 (1) പ്രകാരം സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനകം (ജൂലൈ 31) വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. സമയക്രമം കൃത്യമായി പാലിക്കേണ്ടതാണ്. ഭാവിയിൽ ജൂലൈ 31 നകം വാർഷിക ധനകാര്യപത്രിക എയിംസ് സോഫ്റ്റ്‌വെയറിൽ ഇ-സബ്മിറ്റ് ചെയ്യേണ്ടതാണ്.

# 1-4 വിവിധ ധന സഹായങ്ങളും വിനിയോഗവും

**<u>1-4-1 സംസ്ഥാന സർക്കാരിൽ നിന്നുള്ള പദ്ധതി ധനസഹായം</u>**

2018-19 വർഷം പദ്ധതി ധനസഹായമിനത്തിൽ **3,11,66,660/-** രൂപ സർവകലാശാലയ്ക്ക് ലഭിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **സർക്കാർ ഉത്തരവ് നമ്പർ / തീയതി** | **പ്ലാൻ ടി.എസ്.ബി അക്കൗണ്ടിൽ വരവ് വെച്ച തീയതി (അക്കൗണ്ട് നമ്പർ: 799012700000055)** | **തുക** |
|---|---|---|
| സ.ഉ (സാധാ) 913/2018/എച്ച്.ഇ.ഡി.എൻ | 11.05.2018 | 91,66,660 |

| | | |
|---|---|---|
| തീയതി 08.05.2018 | | |
| സ.ഉ (സാധാ) 913/2018/എച്ച്.ഇ.ഡി.എൻ തീയതി 08.05.2018 | 11.05.2018 | 50,00,000 |
| സ.ഉ (സാധാ) 2267/2018/ എച്ച്.ഇ.ഡി.എൻ തീയതി 18.12.2018 | 31.12.2018 | 32,50,000 |
| സ.ഉ (സാധാ) 2267/2018/ എച്ച്.ഇ.ഡി.എൻ തീയതി 18.12.2018 | 31.12.2018 | 1,37,50,000 |
| ആകെ | | **3,11,66,660/-** |

**1-4-2 സംസ്ഥാന സർക്കാരിൽ നിന്നുള്ള പദ്ധതിയിതര ധനസഹായം**

2018-19 വർഷം പദ്ധതിയിതര ധനസഹായമിനത്തിൽ **4,58,13,000/-**രൂപ സർവ്വകലാശാലയ്ക്ക് ലഭിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **സർക്കാർ ഉത്തരവ് നമ്പർ / തീയതി** | **സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ (നോൺ പ്ലാൻ) വരവ് വെച്ച തീയതി (അക്കൗണ്ട് നമ്പർ: 715051400000001)** | **തുക** |
|---|---|---|
| സ.ഉ (സാധാ) 832/2018/ എച്ച്.ഇ.ഡി.എൻ തീയതി 27.04.2018 | 30.04.2018 | 34,01,000 |
| സ.ഉ(സാധാ)913/2018/ എച്ച്.ഇ.ഡി.എൻ തീയതി 08.05.2018 | 11.05.2018 | 68,02,160 |
| സ.ഉ(സാധാ)1081/2018/ എച്ച്.ഇ.ഡി.എൻ തീയതി 31.05.2018 | 01.06.2018 | 27,82,620 |
| സ.ഉ(സാധാ)1247/2018/ എച്ച്.ഇ.ഡി.എൻ തീയതി 25.06.2018 | 28.06.2018 | 27,82,620 |
| സ.ഉ (സാധാ) 1404/2018/ എച്ച്.ഇ.ഡി.എൻ തീയതി 19.07.2018 | 28.07.2018 | 27,82,620 |
| സ.ഉ (സാധാ) 1558/2018/ എച്ച്.ഇ.ഡി.എൻ തീയതി 14.08.2018 | 23.08.2018 | 55,65,240 |
| സ.ഉ (സാധാ) 1797/2018 / എച്ച്.ഇ.ഡി.എൻ തീയതി 01.10.2018 | 03.10.2018 | 55,65,240 |
| സ.ഉ (സാധാ) 1967/2018/ എച്ച്.ഇ.ഡി.എൻ തീയതി 30.10.2018 | 31.10.2018 | 55,65,240 |
| സ.ഉ (സാധാ) 2156/2018/ എച്ച്.ഇ.ഡി.എൻ തീയതി 28.11.2018 | 30.11.2018 | 55,66,260 |
| സ.ഉ (സാധാ) 380/2019/ എച്ച്.ഇ.ഡി.എൻ തീയതി 08.03.2019 | 15.03.2019 | 50,00,000 |

| | | |
|---|---|---|
| (അഡീഷണൽ ഓതറൈസേഷൻ) | | |
| ആകെ | | 4,58,13,000/- |

1-4-3 യു.ജി.സി ധനസഹായം

തൻവർഷം യു.ജി.സി. ധനസഹായ ഇനത്തിൽ ഫണ്ട് ലഭിച്ചിട്ടില്ല.

1-4-4 പ്രത്യേക ആവശ്യങ്ങൾക്കുള്ള ധനസഹായം

| ഇനം/ഉത്തരവ് നമ്പർ | ട്രഷറി അക്കൗണ്ടിൽ വരവ് വെച്ച തീയതി | തുക |
|---|---|---|
| ഇ-ലാംസ്<br>സ.ഉ (സാധാ) 1524/2018/എച്ച്.ഇ.ഡി.എൻ തീയതി 06.08.2018 | 14.09.2018<br>(അക്കൗണ്ട് നമ്പർ: 799012700000055) | 2,00,00,000 |
| ഇ-ലാംസ്<br>സ.ഉ (സാധാ) 1525/2018 എച്ച്.ഇ.ഡി.എൻ തീയതി 06.08.2018 | 14.09.2018<br>(അക്കൗണ്ട് നമ്പർ: 799012700000055) | 50,00,000 |
| സർക്കാർ തിരിച്ചെടുത്ത തുകയിൽ ഉൾപ്പെട്ട തനത് ഫണ്ട് തിരികെ ലഭിച്ചത് | 31.10.2018<br>(അക്കൗണ്ട് നമ്പർ: 715051400000001) | 52,80,000 |
| | ആകെ | 3,02,80,000 |

1-4-5 മറ്റ് ഫണ്ടിംഗ് ഏജൻസികളിൽ നിന്നുള്ള ധനസഹായം

| ഇനം | സ്റ്റേറ്റ് ബാങ്ക്, തിരൂർ ശാഖയിലെ അക്കൗണ്ടിൽ വരവ് വെച്ച തീയതി (അക്കൗണ്ട് നമ്പർ: 32709117532) | തുക |
|---|---|---|
| ഐ.ഐ.ടി – ഡൽഹി Swayam-Mooc പരിപാടിക്ക് നൽകിയ തുക (5 പഞ്ചായത്തുകളെ ദത്തെടുത്ത് കുടിവെള്ളം, കൃഷി, ജലസേചനം എന്നിവ സംബന്ധിച്ച് ഹൗസ് ഹോൾഡ് സർവേ, വില്ലേജ് സർവേ എന്നിവ നടത്തുന്നതിന് അനുവദിച്ച തുക) | 11.02.2019 | 50,000 |

# 1-5 വിനിയോഗ സാക്ഷ്യപത്രങ്ങൾ

തൻവർഷം വിനിയോഗ സാക്ഷ്യപത്രങ്ങൾ അനുവദിച്ചിട്ടില്ല.

# 1-6 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സർവകലാശാലയ്ക്ക് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെപ്പറയും പ്രകാരം 8.9% കുറവ് സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **മുൻവർഷം** (2017-18) | | **തൻവർഷം** (2018-19) | | **മുൻപത്തെ അപേക്ഷിച്ച് തൻവർഷ വരവ് വ്യത്യാസം** | **ശതമാനം** |
|---|---|---|---|---|---|
| ഇനം | തുക | ഇനം | തുക | | |
| പരോക്ഷ വരുമാനം | 108480 | പരോക്ഷ വരുമാനം | 58900 | | |
| അക്കാദമിക് വരുമാനം | 2177218 | അക്കാദമിക് വരുമാനം | 2233814 | | |
| മറ്റു വരുമാനം | 585986 | മറ്റു വരുമാനം | 322236 | | |
| ആകെ | 28,71,684 | ആകെ | 26,14,950 | (-) 2,56,734 | (-) 8.94% |

കുറിപ്പ് : രസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വരവുകൾ

# 1-7 എൻഡോവ്മെന്റുകൾ / ചെയറുകൾ എന്നിവയുടെ വിവരം

**ഗുണ്ടർട്ട് ചെയർ**

ജർമ്മനിയിലെ ട്യൂബിംഗൻ സർവകലാശാലയിൽ ഡോ. ഹെർമൻ ഗുണ്ടർട്ടിന്റെ പേരിൽ 09.10.2015 ലാണ് ഗുണ്ടർട്ട് ചെയർ സ്ഥാപിച്ചിട്ടുള്ളത്. പ്രശസ്ത പണ്ഡിതനായ പ്രൊഫ. സ്കറിയ സക്കറിയയെ ഗുണ്ടർട്ട് ചെയർ പ്രൊഫസറായും ഡോ. എം. ശ്രീനാഥനെ വിസിറ്റിംഗ് പ്രൊഫസറായും നിയമിച്ചിട്ടുണ്ട്. സംയുക്ത സംരംഭമെന്ന നിലയിൽ 'ഗുണ്ടർട്ടും കേരളവും' എന്ന പേരിൽ പുസ്തകവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഗുണ്ടർട്ട് ചെയറിന്റെ കരാർ പുതുക്കുന്നത് സംബന്ധിച്ച ചർച്ചകൾക്കായി ഡോ. എം. ശ്രീനാഥനെ ചുമതലപ്പെടുത്തി. ട്യൂബിംഗൻ സർവകലാശാല അധികൃതരുമായി ചർച്ചനടത്തി തയ്യാറാക്കിയ കരട് റിപ്പോർട്ട് നിർവാഹകസമിതിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് നടത്തിയ ഏജൻസി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി (റിപ്പോർട്ട് നമ്പർ / തീയതി) |
|---|---|---|---|
| 01 | അക്കൗണ്ടന്റ് ജനറൽ (ജനറൽ & സോഷ്യൽ സെക്ടർ ഓഡിറ്റ്) | 2017-18 | 19.01.2019 (No. SGS II (HQ)III/II/8-3844/2018-19 dated : 14.01.2019) |

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഫീസിനത്തിൽ 4,11,400/-രൂപ കുടിശ്ശിക

അഡ്മിഷൻ രജിസ്റ്റർ, ഡിമാൻഡ്-കളക്ഷൻ-ബാലൻസ് സ്റ്റേറ്റ്മെൻറ് എന്നിവ പ്രകാരം 2018-19 സാമ്പത്തിക വർഷാവസാനം 6,75,000/- രൂപ ഫീസ് കുടിശ്ശികയുണ്ട്. പ്രസ്തുത തുകയിൽ 25.11.2019 വരെ പിരിച്ചെടുത്തതിനുശേഷമുള്ള കുടിശ്ശിക ചുവടെ ചേർക്കുന്നു.

| ക്രമ.നം | കോഴ്സ് | അഡ്മിഷൻ വർഷം | ഇ-ഗ്രാൻറ്സ് | പൊതു വിഭാഗം | ആകെ |
|---|---|---|---|---|---|
| 1 | പി.എച്ച്.ഡി | 2016 | ---- | 9550 | 9550 |
| 2 | പി.എച്ച്.ഡി | 2017 | 22500 | 3000 | 25500 |
| 3 | പി.എച്ച്.ഡി | 2018 | 17750 | 4700 | 22450 |
| 4 | എംഫിൽ | 2018-19 | --- | 1200 | 1200 |
| 5 | ബിരുദാനന്തര ബിരുദം | 2017-18 | 253450 | 6350 | 259800 |
| 6 | ബിരുദാനന്തര ബിരുദം | 2018-19 | 57000 | 35900 | 92900 |
| | | ആകെ | 3,50,700 | 60,700 | 4,11,400 |

ഫീസ് കുടിശ്ശിക ഈടാക്കാത്തതിന് ഓഡിറ്റ് എൻക്വയറി നം.15/19.11.2019 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് 25.11.2019 ന് ലഭ്യമാക്കിയ മറുപടിയിൽ, കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. ഫീസ് കുടിശ്ശിക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 പി.ടി.എ കമ്മിറ്റിയുടെ പ്രവർത്തനത്തിലെ അപാകതകൾ

2018-19 വർഷം 68250/-(750x91) രൂപ പി.ടി.എ ഫണ്ടിലേക്ക് പിരിച്ചെടുത്തിട്ടുണ്ട്. 21.1.2019ന് പി.ടി.എ രൂപീകരണ യോഗം ചേരുകയും 11 അംഗ പി.ടി.എ നിർവ്വാഹക സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പിന്നീട് തുടർപ്രവർത്തനങ്ങൾ ഒന്നും നടത്തിയിട്ടില്ല. പി.ടി.എ രൂപീകരണത്തിനും മറ്റുമായി ഡോ.പി.സതീഷിന് 5000/-രൂപ മുൻകൂർ അനുവദിച്ചിട്ടുണ്ടെങ്കിലും ചെലവുരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പി.ടി.എ ഫണ്ടിന് പ്രത്യേകം ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതും വിശദമായ ബൈലോ തയ്യാറാക്കി നിർവാഹക സമിതിയുടെ അംഗീകാരം നേടേണ്ടതും അപ്രകാരം പി.ടി.എ കമ്മിറ്റിയുടെ പ്രവർത്തനം ചിട്ടപ്പെടുത്തേണ്ടതുമാണ്. പ്രസ്തുത അപാകത ഓഡിറ്റ് എൻക്വയറി നം.07/13.11.2019 പ്രകാരം ശ്രദ്ധയിൽപ്പെടുത്തിയതിന് 21.11.2019 ന് ലഭ്യമാക്കിയ മറുപടിയിൽ, ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

## 2-3 ഇ-ഗ്രാന്റ്സ് ലഭിച്ച തുക വിതരണം ചെയ്തിട്ടില്ല

ഇ-ഗ്രാൻറ്സ് അക്കൗണ്ടിൽ (A/c No.3346620930.എസ്.ബി.ഐ.തിരൂർ) 31.10.2019 ന് 15,46,469/- രൂപ നീക്കിയിരുപ്പുണ്ട്. ഈ തുകയിൽ, സർവകലാശാലയ്ക്ക് വിവിധ ഫീസിനത്തിൽ ലഭിക്കേണ്ട തുകകളും, വിദ്യാർത്ഥികൾക്ക് തിരികെ നൽകേണ്ട തുകകളും, ബന്ധപ്പെട്ട വകുപ്പുകളിലേക്ക് തിരിച്ചടക്കാനുള്ള തുകകളും ഉൾപ്പെടുന്നുണ്ട്.

വിവിധ വകുപ്പുകളിലേക്ക് തിരിച്ചടക്കാനുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര്/ കോഴ്സ് | വൌച്ചർനം.&തീയതി | വകുപ്പ് | തുക |
|---|---|---|---|---|
| 1. | ലഭ്യമല്ല | 613/11.7.2017 | പട്ടിക ജാതി/പട്ടിക വർഗ്ഗ വികസനം | 14800/- |
| 2. | ലഭ്യമല്ല | 902/18.8.2017 | പട്ടിക ജാതി/പട്ടിക വർഗ്ഗ വികസനം | 17500 |
| 3. | അർച്ചന മോഹൻ പി.എച്ച്.ഡി | 197/31.8.2018 | പട്ടിക ജാതി/പട്ടിക വർഗ്ഗ വികസനം | 2,18346 |
| 4. | ധീന.പി.പി പി.എച്ച്.ഡി | 198/31.8.2018 | പട്ടിക ജാതി/പട്ടിക വർഗ്ഗ വികസനം | 58,250 |
| 5. | വിനീഷ്.എ.കെ പി.എച്ച്.ഡി | 216/5.9.2018 | പട്ടിക ജാതി/പട്ടിക വർഗ്ഗ വികസനം | 56,250 |
| 6. | ധീന.പി.പി പി.എച്ച്.ഡി | 292/30.10.2018 | പട്ടിക ജാതി/പട്ടിക വർഗ്ഗ വികസനം | 37,500 |
| 7. | ഗ്രീഷ്മ.ബി പി.എച്ച്.ഡി | 247/30.10.2018 | പട്ടിക ജാതി/പട്ടിക വർഗ്ഗ വികസനം | 1500 |
| 8. | വിനീഷ്.എ.കെ പി.എച്ച്.ഡി | 436/14.2.2019 | പട്ടിക ജാതി/പട്ടിക വർഗ്ഗ വികസനം | 2,68,750 |
| 9. | ലഭ്യമല്ല | 329/19.12.2018 | ഫിഷറീസ് | 6000 |
| | | | ആകെ | 6,78,896 |

പ്രസ്തുത അപാകത ഓഡിറ്റ് എൻക്വയറി നം.5/11.11.2019 മുഖേന അറിയിച്ചതിന് ലഭ്യമാക്കിയ മറുപടിയിൽ സർവകലാശാലയ്ക്ക് വിവിധ ഫീസിനത്തിൽ ലഭിക്കേണ്ട തുക, വിദ്യാർത്ഥികൾക്ക് തിരികെ നൽകേണ്ട തുക, ബന്ധപ്പെട്ട വകുപ്പുകളിലേക്ക് തിരിച്ചടക്കാനുള്ള തുക എന്നിവ കണ്ടെത്തി ആയത് നൽകുന്നതിനുള്ള സത്വര നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 2-4 ഹോസ്റ്റൽ ഫീസ് കുടിശ്ശിക ഈടാക്കിയിട്ടില്ല

അഡ്മിഷൻ രജിസ്റ്റർ, ഡി.സി.ബി. പത്രിക എന്നിവ പരിശോധിച്ചതിൽ, 31/03/2019 ന്

244350/- രൂപ ഹോസ്റ്റൽ ഫീസ് കുടിശ്ശിക ഈടാക്കാനുണ്ട്. പ്രസ്തുത തുകയിൽ 25/11/2019 വരെ പിരിച്ചെടുത്തതിനു ശേഷമുള്ള കുടിശ്ശിക ചുവടെ ചേർക്കുന്നു.

| ക്രമ.നം | കോഴ്സ് | അഡ്മിഷൻ വർഷം | തുക |
|---|---|---|---|
| 1 | ബിരുദാനന്തര ബിരുദം | 2017-18 | 36300 |
| 2 | ബിരുദാനന്തര ബിരുദം | 2018-19 | 15400 |
| 3 | പി.എച്ച്.ഡി | 2016 | 6750 |
| 4 | പി.എച്ച്.ഡി | 2017 | 36750 |
| 5 | പി.എച്ച്.ഡി | 2018 | 27000 |
| 6 | എം.ഫിൽ | 2018-19 | 800 |
| | | ആകെ | ₹ 1,23,000/- |

മേൽപറഞ്ഞ ഹോസ്റ്റൽ ഫീസ് കുടിശ്ശിക ഈടാക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.19/21.11.2019 മുഖേന വിശദീകരണം ആവശ്യപ്പെട്ടതിന് 25.11.2019 ന് ലഭ്യമാക്കിയ മറുപടിയിൽ, കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. കുടിശ്ശിക തുക ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 2-5 സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന് പുസ്തകങ്ങൾ നൽകിയതിലെ അപാകതകൾ

കോട്ടയം സാഹിത്യ പ്രവർത്തക സഹകരണസംഘത്തിന് 34 ടൈറ്റിലുകളിലുള്ള 13647 പുസ്തകങ്ങൾ വിൽപന/തിരിച്ചേൽപ്പിക്കുക എന്ന വ്യവസ്ഥയിൽ വിൽപന വിലയുടെ 45% കമ്മീഷൻ നിരക്കിൽ വിൽക്കുന്നതിനായി നൽകിയിട്ടുണ്ട്. പ്രസ്തുത സംഘം സർവകലാശാലക്ക് നൽകിയ, 31.03.2019 ലെ പുസ്തക വിൽപന സംബന്ധിച്ച കണക്ക് പ്രകാരം ആകെ 1,45,220/- രൂപയുടെ പുസ്തകങ്ങൾ വിറ്റിട്ടുണ്ട്. അതിൽ നിന്നും 45% കമ്മീഷൻ തുകയായ 65,349/- രൂപ കുറവ് ചെയ്ത് ബാക്കി ₹ 79,871/- സർവകലാശാലയ്ക്ക് ലഭിക്കേണ്ടതുണ്ട്. എന്നാൽ ഈ തുക ഓഡിറ്റ് തീയതി വരെ സർവകലാശാലയിൽ ലഭിച്ചിട്ടില്ല. പുസ്തകങ്ങൾ കൈപ്പറ്റിയതിന് സംഘത്തിൽ നിന്നുള്ള രശീതി, വിൽപന സംബന്ധിച്ച് സംഘവുമായി സർവകലാശാല ചമച്ചിട്ടുള്ള കരാർ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (22/22.11.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. വില്പനത്തുക സർവ്വകലാശാലയ്ക്ക് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 കാലഹരണപ്പെട്ട കോഷൻ ഡെപ്പോസിറ്റുകൾ സർവകലാശാല ഫണ്ടിൽ ഒടുക്കിയിട്ടില്ല

താഴെ വിവരിക്കുന്ന വിദ്യാർത്ഥികളുടെ (2013-14 പ്രവേശനം) **കോഷൻ ഡെപ്പോസിറ്റ്** തിരിച്ചു കൊടുത്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ.നം | പേര് | കോഴ്സ് | ജനറൽ | ലൈബ്രറി | ആകെ |
|---|---|---|---|---|---|

| | | | കോഷൻ ഡെപ്പോസിറ്റ് | കോഷൻ ഡെപ്പോസിറ്റ് | |
|---|---|---|---|---|---|
| 1 | അശ്വതി.കെ.പി | സംസ്കാര പൈതൃക പഠനം | 500 | 500 | 1000 |
| 2 | റഷീദ.പി | സാഹിത്യപഠനം | 500 | 500 | 1000 |
| 3 | ജിഷ്ണ.ആർ | സാഹിത്യപഠനം | 500 | 500 | 1000 |
| 4 | സ്മൃതി.പി | സംസ്കാരപൈതൃകപഠനം | 500 | 500 | 1000 |
| 5 | അരുൺ.എ | മാധ്യമപഠനം | 500 | 500 | 1000 |
| 6 | പ്രദീപ്.ആർ | സാഹിത്യരചന | 500 | 500 | 1000 |
| 7 | വിദ്യ.സി | ഭാഷാശാസ്ത്രം | 500 | 500 | 1000 |
| | | | | ആകെ | 7000 |

മേൽപറഞ്ഞ തുക വിദ്യാർത്ഥികൾക്ക് തിരിച്ചു കൊടുക്കേണ്ട കാലാവധി കഴിഞ്ഞ് 3 വർഷം പിന്നിട്ടതിനാൽ പ്രസ്തുത തുക സർവകലാശാല ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 12/18.11.2019)

# ഭാഗം -3
# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഫണ്ട് വിനിയോഗവും വകമാറ്റലും

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല 2012 നവംബറിൽ പ്രവർത്തനമാരംഭിച്ചു. 2012-13 സാമ്പത്തിക വർഷം മുതലാണ് സംസ്ഥാന സർക്കാറിന്റെ പദ്ധതി - പദ്ധതിയേതര ഗ്രാന്റുകൾ സർവകലാശാലയ്ക്ക് ലഭിച്ചു തുടങ്ങിയത്. 2012-13 മുതൽ 2018-19 വരെ ലഭിച്ച ഗ്രാന്റുകളുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു .

**1. പദ്ധതി ഗ്രാന്റ്**

| വർഷം | വരവ് * | ചെലവ് * | നീക്കിയിരിപ്പ് * | ചെലവ് ശതമാനം |
|---|---|---|---|---|
| 2012-13 | - | - | - | - |
| 2013-14 | 500 | 118.86 | 381.14 | 23.77 |
| 2014-15 | 700 | 599.64 | 100.36 | 85.66 |
| 2015-16 | 765 | 448.05 | 316.95 | 58.57 |
| 2016-17 | 765 | 649.12 | 115.88 | 84.85 |
| 2017-18 | 520 | 389.02 | 130.98 | 74.81 |
| 2018-19 | 311.66 | 268.03 | 43.63 | 86 |
| | | | | |

| | | | | |
|---|---|---|---|---|
| ആകെ | 3561.66 | 2472.72 | 1088.94 | 69.43 |

* തുക ലക്ഷത്തിൽ

**2. പദ്ധതിയേതര ഗ്രാന്റ്**

| വർഷം | വരവ് * | ചെലവ് * | നീക്കിയിരിപ്പ് * | ചെലവ് ശതമാനം |
|---|---|---|---|---|
| 2012-13 | 50 | 31 | 19 | 62 |
| 2013-14 | 105 | 93.87 | 11.13 | 89.4 |
| 2014-15 | 225 | 221.08 | 3.92 | 98.26 |
| 2015-16 | 300 | 292.55 | 7.45 | 97.52 |
| 2016-17 | 338 | 378 | (-)40 | 111.83 |
| 2017-18 | 488.70 | 548.26 | (-)59.56 | 112.19 |
| 2018-19 | 458.13 | 555.44 | (-)97.31 | 121.24 |

* തുക ലക്ഷത്തിൽ

ഈ വിവരങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. സർവകലാശാലയ്ക്ക് 2015-16 വരെ ലഭിച്ച പദ്ധതിയേതര ഗ്രാന്റ് ശമ്പളത്തിനും മറ്റു ഭരണപരമായ ചെലവുകൾക്കും പര്യാപ്തമായിരുന്നു. എന്നാൽ 2016-17 മുതൽ ഇത് പ്രസ്തുത ചെലവുകൾക്ക് തികയാതെ വന്നു.

ആയതിനാൽ പദ്ധതി ഗ്രാന്റിൽ നിന്നും തനതു ഫണ്ടിൽ നിന്നുമായി 1.97 കോടി രൂപ പദ്ധതിയേതര ചെലവുകൾക്കായി വകമാറ്റേണ്ടി വന്നു.

2. അടിസ്ഥാന സൗകര്യ വികസനം, ആസ്തി സൃഷ്ടിക്കൽ, അക്കാദമിക പ്രവർത്തനങ്ങൾ (ശമ്പളമൊഴികെ) എന്നീ ആവശ്യങ്ങൾക്കാണ് സംസ്ഥാന സർക്കാർ പദ്ധതി ഗ്രാന്റ് നൽകുന്നത്. 2013-14 മുതൽ സർവകലാശാലയ്ക്ക് പദ്ധതി ഗ്രാന്റ് ലഭിക്കുന്നുണ്ടെങ്കിലും ഒരു വർഷം പോലും ഗ്രാന്റ് പൂർണതോതിൽ ചെലവഴിച്ചില്ല. കഴിഞ്ഞ ആറ് വർഷ കാലയളവിൽ ലഭിച്ച 3562 ലക്ഷം രൂപയിൽ സർവകലാശാല ചെലവഴിച്ചത് 2473 ലക്ഷം രൂപ മാത്രമാണ്. 2013 ലെ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല നിയമം വകുപ്പ് 41(8) പ്രകാരം സർവകലാശാലയ്ക്ക് സർക്കാർ നൽകുന്ന ഗ്രാന്റുകൾ ലാപ്സായി പോകാത്തതാകയാൽ, ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ 1089 ലക്ഷം രൂപ ബാക്കിയായി.

3. ചെലവഴിക്കാത്ത തുകയിൽ നിന്ന് 37235318 രൂപ 29.03.2018 നും 3 കോടി രൂപ 31.03.2018 നും ട്രഷറി അക്കൗണ്ടിൽ നിന്ന് സർക്കാർ തിരിച്ചെടുത്തു. ഇപ്രകാരം തിരിച്ചെടുത്ത ഫണ്ട് വീണ്ടും അനുവദിച്ചു കിട്ടാൻ സ്ഥാപനം ധനകാര്യ വകുപ്പിനെ സമീപിക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശിച്ചതനുസരിച്ച്, 11.04.2018 ലെ 449/2018/ഫിൻ നമ്പർ കത്ത് പ്രകാരം അപേക്ഷ സമർപ്പിച്ചതിന്റെ ഫലമായി, പ്രസ്തുത തുകയിൽ സർവകലാശാലയുടെ തനത് ഫണ്ടായ 52.80 ലക്ഷം രൂപ മാത്രമാണ് തിരിച്ചു കിട്ടിയത്. സമാന രീതിയിൽ പ്ലാൻ, ട്രഷറി അക്കൌണ്ടിൽ നിന്ന് 31/03/2019 ന് 18621354/- രൂപയും സർക്കാർ തിരിച്ചെടുത്തു.

4. 2013-14 മുതൽ 2018-19 വരെ പദ്ധതി വിഹിതം ശരാശരി ചെലവ് 68.94 ശതമാനമാണ്. ചെലവഴിക്കാത്ത പദ്ധതി ഗ്രാന്റ് സർക്കാർ തിരിച്ചെടുത്തത് മൂലം, സർവകലാശാല തൽസമയം നടപ്പാക്കിയിരുന്ന പ്രോജക്ടുകൾ വിജയകരമായി പൂർത്തിയാക്കുന്നതിന് സാമ്പത്തിക പ്രതിസന്ധി നേരിട്ടു.

സർക്കാർ അനുവദിക്കുന്ന ഗ്രാന്റുകൾ നിർദിഷ്ടാവശ്യത്തിന് പൂർണമായും വിനിയോഗിക്കുന്നതിന് ആസൂത്രിതവും സമയബന്ധിതവുമായ നടപടികൾ കൈകൊള്ളാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതും സർക്കാർ ഫണ്ട് തിരിച്ചെടുക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

## 3-2 പ്രോജക്ടുകൾ – വകയിരുത്തിയ തുകയും ചെലവ് തുകയും തമ്മിൽ വൻ അന്തരം

2018-19 ൽ 23 പ്രോജക്ടുകൾ നടപ്പാക്കുന്നതിന് 180 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിരുന്നു. എന്നാൽ 13 പ്രോജക്ടുകൾക്കായി 24,66,469/- രൂപ മാത്രമാണ് ചെലവഴിച്ചത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | പ്രോജക്ട് | വകയിരുത്തിയ തുക (₹) | ചെലവ് തുക (₹) |
|---|---|---|---|
| 1 | സമഗ്രമലയാള നിഘണ്ടു | 10,00,000 | 430142 |
| 2 | ഭാഷാഭേദ സർവേ | 10,00,000 | 0 |
| 3 | പൈതൃക സർവേ | 10,00,000 | 14088 |
| 4 | മ്യൂസിയം പ്രോജക്ട് | 10,00,000 | 509955 |
| 5 | എഴുത്തച്ഛൻ പഠനകേന്ദ്രം | 20,00,000 | 1125222 |
| 6 | ഭാഷാ ടെക്നോളജി കേന്ദ്രം | 15,00,000 | 7366 |
| 7 | നളചരിതം | 5,00,000 | 16225 |
| 8 | സാഹിത്യഗവേഷണ ജാലിക | 10,00,000 | 0 |
| 9 | മലയാള കമ്പ്യൂട്ടിംഗ് കേന്ദ്രം | 10,00,000 | 8046 |
| 10 | എഴുത്തച്ഛൻ ലെക്സിക്കൺ | 10,00,000 | 119667 |
| 11 | പുരാവസ്തുക്കൾ, രേഖകൾ സംരക്ഷിക്കൽ | 5,00,000 | 0 |
| 12 | സ്ത്രീ സാഹിത്യ പഠന കേന്ദ്രം | 5,00,000 | 4700 |
| 13 | നവസാമൂഹ്യ പഠനകേന്ദ്രം | 5,00,000 | 0 |
| 14 | അറബി മലയാള പഠന കേന്ദ്രം | 10,00,000 | 3060 |
| 15 | തിരൂരിന്റെ പ്രാദേശിക ചരിത്രം | 5,00,000 | 0 |
| 16 | ബിബ്ലിയോഗ്രാഫിക് ഡേറ്റാബേസ് തയ്യാറാക്കൽ | 5,00,000 | 0 |

| ക്രമനം. | പ്രോജക്ട് | വകയിരുത്തിയ തുക (₹) | ചെലവ് തുക (₹) |
|---|---|---|---|
| 17 | ഭിന്നഭാഷാശേഷീകോർപ്പസ് | 10,00,000 | 12948 |
| 18 | പുരാലിഖിത പഠന കേന്ദ്രം | 8,00,000 | 0 |
| 19 | പൈതൃക വിനിമയ കേന്ദ്രം | 5,00,000 | 0 |
| 20 | മാധ്യമ പഠന ഗവേഷണ കേന്ദ്രം | 5,00,000 | 0 |
| 21 | പ്രാദേശിക മാനവ വികസന സൂചിക നിർമിതി | 2,00,000 | 0 |
| 22 | ദുരന്ത നിവാരണ പഠന കേന്ദ്രം | 3,00,000 | 0 |
| 23 | മലയാള ചെറുകഥാ സംഗ്രഹ പ്രോജക്ട് | 2,00,000 | 2480 |
| 24 | ആശാൻ ദത്ത ശേഖരണം | 0 | 169482 |
| 25 | പ്രോജക്ട് സിറ്റിംഗ് ഫീ, ടി.എ, വാഹന വാടക | - | 43088 |
| | ആകെ | 180,00,000/- | 2466469/- |

കുറിപ്പ് : ആശാൻ ദത്ത ശേഖരണം എന്ന പ്രോജക്ടിന് ബജറ്റിൽ തുക വകയിരുത്താതെ 169482/- രൂപ ചെലവഴിച്ചിട്ടുണ്ട്.

പദ്ധതികൾക്ക് വകയിരുത്തിയ തുകയുടെ 13.70 ശതമാനം മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. കൃത്യമായ ആസൂത്രണത്തോടെ വ്യവസ്ഥാപിതമായി നടപ്പിലാക്കിയിരുന്നെങ്കിൽ വകയിരുത്തിയ തുക ചെലവഴിച്ച് പദ്ധതികൾ ലക്ഷ്യപ്രാപ്തിയിലെത്തിക്കാനും, വിനിയോഗിക്കാത്ത ഫണ്ട് സർക്കാർ തിരിച്ചെടുക്കുന്ന സാഹചര്യം ഒഴിവാക്കാനും സാധിക്കുമായിരുന്നു. പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതും, ഫണ്ട് ലാപ്സാകുന്നത് ഒഴിവാക്കേണ്ടതുമാണ്.

# 3-3 വൈക്കം മുഹമ്മദ് ബഷീർ സാഹിത്യ ഫണ്ട് രൂപീകരണത്തിലെ അപാകത

2017-18 സാമ്പത്തിക വർഷത്തിൽ, പ്രവാസി ദോഹ ബഷീർ പുരസ്കാരമായി മലയാളസർവകലാശാലയ്ക്ക് ലഭിച്ച 50,000/- രൂപയും സർവകലാശാലാ ഫണ്ടിൽ നിന്ന് തത്തുല്യമായ തുകയും (50,000/- രൂപ) ഉൾപ്പെടുത്തി വൈസ് ചാൻസലറുടെ 13.08.2018 ലെ 1206/2017 വി.സി നമ്പർ ഉത്തരവ് പ്രകാരം മലയാളസർവകലാശാല ഒരു ലക്ഷം രൂപയുടെ വൈക്കം മുഹമ്മദ് ബഷീർ സാഹിത്യ ഫണ്ട് രൂപീകരിച്ചു. വൗച്ചർ നമ്പർ 249/31.10.2018 പ്രകാരം ഒരു ലക്ഷം രൂപ 626769/31.10.2018 നമ്പർ ചെക്ക് മുഖേന തിരൂരിലെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ശാഖയിൽ നിന്ന് പിൻവലിച്ച് ട്രഷറിയിൽ 5 വർഷത്തേക്ക് 8% പലിശ നിരക്കിൽ സ്ഥിരനിക്ഷേപമായി (നം.799010500573144 തിയതി 29.11.2018) നിക്ഷേപിച്ചിട്ടുണ്ട്. 23/09/2017 ലെ മുപ്പത്തി ആറാമത് നിർവാഹക സമിതി യോഗത്തിൽ (7ാം നമ്പർ തീരുമാനം) വൈക്കം മുഹമ്മദ് ബഷീർ സാഹിത്യ ഫണ്ടിന് നിയമാവലിയും ഉപദേശക സമിതിയും രൂപീകരിക്കാൻ

തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാനം നടപ്പിലാക്കിയിട്ടില്ല. വൈക്കം മുഹമ്മദ് ബഷീർ സാഹിത്യ ഫണ്ട് കാര്യക്ഷമമായി വിനിയോഗിക്കാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# 3-4 സ്ത്രീ സാഹിത്യ പഠനകേന്ദ്രം - പ്രോജക്ട് പ്രവർത്തനം ആരംഭിച്ചില്ല

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല സാഹിത്യ വിഭാഗത്തിന്റെ നേതൃത്വത്തിൽ ഒരു 'സ്ത്രീ സാഹിത്യ പഠനകേന്ദ്രം' സ്ഥാപിക്കാൻ ഭരണാനുമതി ലഭിച്ചത് 11.10.2017 നാണ്.

മലയാള സാഹിത്യ ചരിത്രത്തിന്റെ ആരംഭകാലം മുതൽ തമസ്കരിക്കപ്പെട്ട എഴുത്തുകാരികളെ അടയാളപ്പെടുത്തുക, അവരുടെ രചനകൾ കണ്ടെത്തി സമാഹരിക്കുക, സാഹിത്യത്തിലെ സ്ത്രീ സ്വത്വത്തെ പഠനവിധേയമാക്കുക, മലയാള സാഹിത്യത്തിന്റെ സ്ത്രീ ലാവണ്യശാസ്ത്രം വ്യക്തമാക്കുക, ദേശീയവും അന്തർദേശീയവുമായ സ്ത്രീപക്ഷസാഹിത്യ ഭൂപടത്തിൽ മലയാളത്തിന്റെ സ്ഥാനം നിർണയിക്കുക, കേരളത്തിന്റെ സാഹിത്യമണ്ഡലത്തിൽ ഇടപെട്ടിട്ടുള്ള എഴുത്തുകാരികളെ ഉൾകൊള്ളുന്ന സാഹിത്യചരിത്രം തയ്യാറാക്കുക തുടങ്ങി ബഹുമുഖമായ പ്രവർത്തനങ്ങളാണ് ഈ പഠനകേന്ദ്രം ലക്ഷ്യമിടുന്നത്. കൂടാതെ, സാമൂഹിക നവോത്ഥാനത്തിനും സ്ത്രീ ശാക്തീകരണത്തിനും സ്ത്രീ സാഹിത്യ രചനകൾ കാരണമായതെങ്ങനെയെന്നുള്ള അന്വേഷണവും സ്ത്രീ എഴുത്തിനു നേരിടേണ്ടിവരുന്ന പ്രശ്നങ്ങളെ എഴുത്തുകാരികൾ അതിജീവിക്കുന്ന മാനസിക ഭൗതിക സാഹചര്യങ്ങൾ രേഖപ്പെടുത്തലും സ്ത്രീ സാഹിത്യത്തെപ്പറ്റി ചർച്ച ചെയ്യുന്ന സെമിനാറുകൾ സംഘടിപ്പിക്കലും പഠനകേന്ദ്രത്തിന്റെ കർമ്മപദ്ധതിയിൽ ഉൾപ്പെടുന്നു. പഠനകേന്ദ്രത്തിന് ഉപദേശക സമിതി, നിർവാഹകസമിതി എന്നിങ്ങനെ അധികാരസ്ഥാനങ്ങളുണ്ട്. വൈസ്ചാൻസലർ പഠനകേന്ദ്രത്തിന്റെ അധ്യക്ഷനും സാഹിത്യഫാക്കൽറ്റി ഡീൻ ഡയറക്ടറുമാണ്. പഠനകേന്ദ്രം 21.10.2017 ന് ഉദ്ഘാടനം ചെയ്യപ്പെട്ടതായി ഫയലിൽ കാണുന്നു.

വൈസ്ചാൻസലറുടെ 25.10.2017 ലെ 1390/2017/വി.സി നമ്പർ ഉത്തരവിൽ, ഉപദേശക - നിർവാഹക സമിതികൾ യോഗം ചേർന്ന് ബജറ്റിനനുസൃതമായി ഏറ്റെടുക്കേണ്ട പരിപാടികൾക്ക് രൂപം നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്.

2018-19 ബജറ്റിൽ ഈ പഠനകേന്ദ്രത്തിന് 5 ലക്ഷം രൂപ വകയിരുത്തിയെങ്കിലും 4,700/- രൂപ മാത്രമാണ് ചെലവഴിച്ചത്.

ഉപദേശക സമിതി ഒരു തവണ യോഗം ചേർന്നതല്ലാതെ പ്രോജക്ട് ലക്ഷ്യമിട്ടിരുന്ന പ്രവർത്തനങ്ങളൊന്നും നടപ്പാക്കിയില്ല. പഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഏകദേശം 5,29,000/- രൂപ ചെലവു വരുന്ന 'മലയാളത്തിലെ സ്ത്രീ സാഹിത്യ രചനകൾ; കെ. സരസ്വതിയമ്മയ്ക്ക് മുമ്പ്' എന്ന പേരിൽ ഒരു മേജർ പ്രോജക്ട്, പഠനകേന്ദ്രം ഡയറക്ടർ 16.01.2019 ന് വൈസ്ചാൻസലർക്ക് സമർപ്പിച്ചുവെങ്കിലും, തുടർനടപടിയൊന്നും സ്വീകരിച്ചിട്ടില്ല. കൂടാതെ, 2019 മാർച്ച് 20 നും 30 നും മധ്യേ അന്താരാഷ്ട്ര ത്രിദിന വനിതാ കോൺഫറൻസ് നടത്തുവാനുള്ള അനുമതിക്കായി 16.01.2019 ന് പഠനകേന്ദ്രം ഡയറക്ടർ വൈസ്ചാൻസലർക്ക് അപേക്ഷ സമർപ്പിച്ചുവെങ്കിലും ആയതിനും അനുമതി നൽകിയിട്ടില്ല. സർവകലാശാലയ്ക്ക് സംസ്ഥാന സർക്കാർ നൽകിയ പദ്ധതി വിഹിതം പൂർണമായും ചെലവഴിക്കാതെ ബാക്കി തുക സർക്കാർ തിരിച്ചെടുത്ത സാഹചര്യം നില നിൽക്കുമ്പോഴാണ് ഇപ്രകാരം തുടർപ്രവർത്തനങ്ങളില്ലാതെയും

ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കാതെയും പ്രോജക്ട് പാതിവഴിയിൽ ഉപേക്ഷിക്കപ്പെടുന്നത് എന്ന് ശ്രദ്ധയിൽപ്പെടുത്തുന്നു.

ഇതു സംബന്ധിച്ച എൻക്വയറിക്ക് (നം. 29/ 25.11.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-5 'ഭിന്ന ഭാഷാ ശേഷി കോർപ്പസ് ' പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

മലയാളസർവകലാശാല സ്ഥിതി ചെയ്യുന്ന വെട്ടം പഞ്ചായത്തിലും മറ്റ് സമീപ പ്രദേശങ്ങളിലും ഭിന്നശേഷിയുള്ളവരായി നിരവധി പേരുണ്ടെന്നും ഇവരുടെ പ്രശ്നങ്ങൾ ശാസ്ത്രീയമായി കൈകാര്യം ചെയ്യാനുള്ള കർമ്മ പദ്ധതികളൊന്നും തന്നെ പഞ്ചായത്തിന്റെയോ മറ്റ് ഏജൻസികളുടെയോ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ലാത്തതിനാലും ഈ പ്രതിസന്ധിയെ ഏറ്റെടുക്കുവാനുള്ള ഉത്തരവാദിത്തം ഭാഷാശാസ്ത്ര വകുപ്പിനുള്ളതു കൊണ്ടും, ഈ വിഷയത്തിൽ വളരെയധികം ഗവേഷണ സാധ്യതകൾ ഉണ്ട് എന്നതിനാലുമാണ് 'ഭിന്ന ഭാഷാ ശേഷി കോർപ്പസ്' എന്ന പ്രൊജക്ട് ആരംഭിച്ചത് എന്ന് ഭാഷാശാസ്ത്ര വകുപ്പ് ഡീനിന്റെ 11.10.2017 ലെ കത്തിൽനിന്നും വ്യക്തമാക്കുന്നുണ്ട്.

മലയാളസർവകലാശാല ഭാഷാശാസ്ത്ര വിഭാഗം 2017 ഒക്ടോബറിൽ 'ഭിന്ന ഭാഷാ ശേഷി പ്രശ്നവും പരിഹാരവും ' എന്ന വിഷയത്തിൽ ത്രിദിന ശില്പശാല സംഘടിപ്പിച്ചിരുന്നു. ഈ ശില്പശാലയിൽ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ ഭിന്ന ഭാഷാ ശേഷി പ്രശ്നം ശാസ്ത്രീയമായി കൈകാര്യം ചെയ്യാനുള്ള കർമ്മ പദ്ധതി എന്ന നിലയിൽ മലയാളസർവകലാശാലയിൽ ഭാഷാശാസ്ത്ര വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ, 'ഭിന്ന ഭാഷാ ശേഷി പഠനകേന്ദ്രം' ആരംഭിക്കണമെന്ന നിർദ്ദേശം ഉണ്ടായി. ഈ മേഖലയിൽ ഇടപെടാനും അവശ്യം വേണ്ട തെറാപ്പി സൗകര്യങ്ങൾ ഒരുക്കുവാനും, രോഗനിർണയത്തിനും ബോധവൽക്കരണത്തിനും ഉതകുന്ന ക്യാമ്പുകൾ സംഘടിപ്പിക്കുവാനും വിദഗ്ധ ചികിത്സാ മാർഗ നിർദ്ദേശം നൽകാനും ഉപകരിക്കുന്ന ഒരു സംവിധാനം എന്ന നിലയിൽ ഭിന്ന ഭാഷാ ശേഷി പഠനകേന്ദ്രം ആരംഭിക്കുന്നതിന് , നിർവാഹക സമിതിയുടെ അനുമതിക്കു വിധേയമായി, 24.10.2017 ലെ 1353/2017/വി.സി.നമ്പറായുള്ള വൈസ് ചാൻസലറുടെ നടപടിക്രമം പ്രകാരം അനുമതിയും നൽകിയിട്ടുണ്ട്. നിർവാഹക സമിതിയുടെ 37-ാം യോഗം പ്രൊജക്ടിന് അനുമതി നൽകി.

<u>പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.</u>

1. ഭിന്ന ഭാഷാ ശേഷി കോർപ്പസ് പ്രോജക്ടിന്റെ വിവര ശേഖരണവും ഡാറ്റാ എൻട്രിയും പൂർത്തിയായിട്ടുണ്ടെങ്കിലും കോർപ്പസ് നിർമ്മാണം പൂർത്തിയായിട്ടില്ല. 01.10.2019 ലെ 712/ എ1/2019/അഡ്മിൻ നമ്പർ ഉത്തരവ് പ്രകാരം പ്രൊജക്ടിന്റെ കാലാവധി രണ്ടു മാസം കൂടി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. കോർപ്പസ് നിർമ്മാണം പൂർത്തിയാക്കി പ്രൊജക്ട് വഴി ലഭ്യമായിട്ടുള്ള വിജ്ഞാനം അക്കാദമിക് - പൊതു സമൂഹങ്ങൾക്ക് ലഭ്യമാക്കാനുള്ള നടപടികൾ സർവകലാശാല സ്വീകരിച്ചിട്ടില്ല. ആയത് സ്വീകരിക്കേണ്ടതാണ്.

2. ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത 41572/2017-ാം നമ്പർ റിട്ട് പെറ്റിഷന്റെ പരിഗണനാ വേളയിൽ 37-ാം നിർവാഹകസമിതി തീരുമാനങ്ങൾ സ്റ്റേ ചെയ്യപ്പെടുകയുണ്ടായി. ഇതിന്റെ ഫലമായി ഭിന്ന ഭാഷാ ശേഷി പഠനകേന്ദ്രം ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. സ്റ്റേ

ഒഴിവാക്കിക്കിട്ടാനും, പഠനകേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കാനുമുള്ള നടപടി സർവകലാശാല സ്വീകരിക്കേണ്ടതാണ്.

3. 2018-19 സാമ്പത്തിക വർഷത്തിൽ 10 ലക്ഷം രൂപ പ്രോജക്ടിന് വകയിരുത്തിയെങ്കിലും 12,948/- രൂപ മാത്രമാണ് ചെലവഴിച്ചത്.

## 3-6 ആശാൻ ദത്ത ശേഖരണം - പ്രോജക്ട് പൂർത്തീകരിച്ചില്ല

ആശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നിവരുടെ കൃതികളെ ആസ്പദമാക്കിയുള്ള പഠനങ്ങൾ സമാഹരിച്ച് പ്രസിദ്ധീകരിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'ആശാൻ ദത്ത ശേഖരണം' പ്രൊജക്ടിന്റെ ചുമതല സാഹിത്യ ഫാക്കൽറ്റി ഡീൻ ഡോ.അനിതകുമാരി എന്നവരെ ഏല്പിച്ചുകൊണ്ട് 25-10-2017ൽ 1383/2017/വി.സി.നമ്പറായി വൈസ് ചാൻസലർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ആശാൻ കൃതികളെപ്പറ്റി ഉണ്ടായിട്ടുള്ള പഠനങ്ങൾ സമാഹരിച്ച് അഞ്ചു വോള്യങ്ങളായി പ്രസിദ്ധീകരിക്കുക എന്നതാണ് പ്രൊജക്ടിന്റെ ഉദ്ദേശ്യം. പഴയ പത്രമാസികകളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ലേഖനങ്ങൾ നഷ്ടപ്പെട്ടു പോകുകയോ, പരിഗണിക്കപ്പെടാതെ പോകുകയോ ആണെന്നും, ഗവേഷണ പ്രാധാന്യമുള്ള അവയൊക്കെ സമാഹരിച്ച് പ്രസിദ്ധീകരിക്കേണ്ടത് മലയാളസർവകലാശാലയുടെ ഉത്തരവാദിത്തമാണെന്ന ബോധ്യത്തോടെ പ്രസിദ്ധീകരണ ഉപദേശക സമിതി ഈ നിർദ്ദേശം മുന്നോട്ടു വയ്ക്കുകയും നിർവ്വാഹക സമിതി മേൽ പ്രൊജക്ട് അംഗീകരിക്കുകയുമുണ്ടായി. 600 പേജ് വീതമുള്ള 5 വാല്യങ്ങൾ പ്രസിദ്ധീകരിക്കുകയായിരുന്നു ലക്ഷ്യം. പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി 31/03/2020 ആണ്.

വിവിധ ലൈബ്രറികളിൽ നിന്നും, പഴയ പത്രമാസികകളിൽ നിന്നുമായി ആശാൻ കൃതികളെ സംബന്ധിച്ച ലേഖനങ്ങൾ കണ്ടെത്തുക, ഇതിനു വേണ്ടി ഇന്റേൺഷിപ്പ് വ്യവസ്ഥയിൽ സർവകലാശാലയിലെ പൂർവ്വ വിദ്യാർത്ഥികളെ നിയോഗിക്കുക, കാലക്രമമനുസരിച്ച് അവയെ 5 വാല്യങ്ങളാക്കി പ്രസിദ്ധീകരിക്കത്തക്ക വിധത്തിൽ ക്രമീകരിക്കുക, അവ ഡി.ടി.പി. ചെയ്യുന്നതിന് വകുപ്പു തലത്തിൽ തന്നെ സംവിധാനമുണ്ടാക്കുക എന്നിങ്ങനെയാണ് പ്രവൃത്തന രീതി.

10 ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ച ഈ പ്രോജക്ടിന് ബജറ്റിൽ തുക വകയിരുത്താതെ 2017-18 സാമ്പത്തിക വർഷത്തിൽ 49,356 /- രൂപയും, 2018-19 സാമ്പത്തിക വർഷത്തിൽ 1,69,482 /- രൂപയും ചെലവഴിച്ചതായി ലെഡ്ജറിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

സമാഹരിക്കപ്പെട്ട ലേഖനങ്ങളുടെ ആദ്യ ഘട്ട ഡി.ടി.പി ജോലികൾ പൂർത്തിയായതായും പ്രൊജക്ട് പ്രൂഫ് വായനക്കാരെ ഏല്പിക്കുവാനും, ആയതിനു ശേഷം പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുവാനുമുള്ള അനുമതി അഭ്യർത്ഥിച്ചുകൊണ്ട് 21-10-2019 ന് 3198/2019 നമ്പറായുള്ള കത്ത് ഡോ.അനിതകുമാരി വൈസ് ചാൻസലർക്ക് നൽകിയിട്ടുണ്ട്. ശേഷം തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരം ഫയലിൽ ഇല്ല. ഇത് സംബന്ധിച്ച എൻക്വയറിക്ക് മറുപടിയായി, രണ്ട് വോള്യങ്ങളുടെ പ്രസിദ്ധീകരണം പൂർത്തിയാക്കാനുള്ള നടപടി സ്വീകരിച്ചതായി വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ടിന്റെ പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 സമഗ്ര മലയാളം ഓൺലൈൻ നിഘണ്ടു;

# ഫലപ്രാപ്തി കൈവരിച്ചില്ല

സമഗ്ര മലയാളം ഓൺലൈൻ നിഘണ്ടു പ്രോജക്ട് പ്രവർത്തനത്തിനായി 2018-19 ൽ 430,142/- രൂപ ചെലവഴിച്ചിട്ടുണ്ട്. യന്ത്ര വിവർത്തനം ഉൾപ്പെടെയുള്ള, ഭാഷാ സാങ്കേതികതയുടെ വികസനത്തിന് ഉപയുക്തമാകുന്ന തരത്തിൽ ഒരു ഓൺലൈൻ നിഘണ്ടു തയ്യാറാക്കുന്നതിന് 25 ലക്ഷം രൂപ വരെ ചെലവഴിക്കാൻ നിർവാഹക സമിതി തീരുമാനിക്കുകയും, വൈസ് ചാൻസലറുടെ 31.07.2014 ലെ 102 / 2014 വി.സി ഉത്തരവ് പ്രകാരം 2014 ജൂലൈ ഒന്ന് മുതൽ ഡോ. ആർ ഗോപിനാഥൻ, ഭാഷാ ശാസ്ത്ര വിഭാഗം പ്രൊഫസറും, ഡീനുമായ ശ്രീ. എം ശ്രീനാഥൻ എന്നിവരെ നിഘണ്ടുവിന്റെ എഡിറ്റർമാരായി നിയമിക്കുകയും ചെയ്തു. പ്രസ്തുത പ്രോജക്ടിനായി 2014-15 മുതൽ 2018-19 വരെ 25,53,649/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ചെലവ് തുക (₹) |
|---|---|
| 2014-15 | 387000 |
| 2015-16 | 51669 |
| 2016-17 | 1105913 |
| 2017-18 | 578925 |
| 2018-19 | 430142 |
| | ₹2553649/- |

ആയതിൽ 2018-19 ൽ ചെലവഴിച്ച 4,30,142/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | വൗച്ചർ നമ്പർ/ തീയതി | ചെലവ് തുക | ചെലവിനം |
|---|---|---|---|
| 1 | 8/06.04.2018 | 31009 | പ്രോജക്ട് അസിസ്റ്റന്റുമാരുടെ 03/2018 ലെ ശമ്പളം |
| 2 | 32/07.05.2018 | 24517 | പ്രോജക്ട് അസിസ്റ്റന്റുമാരുടെ 04/2018 ലെ ശമ്പളം |
| 3 | 52/15.05.2018 | 188 | ശ്രീ. ശ്രീജിത്തിന്റെ ടി.എ |
| 4 | 61/28.05.2018 | 25000 | ശ്രീമതി. മലീഹ രാഘവയ്യയുടെ ഓണറേറിയം |
| 5 | 77/04.07.2018 | 36875 | പ്രോജക്ട് അസിസ്റ്റന്റുമാരുടെ 05/2018 ലെ ശമ്പളം |
| 6 | 104/04.07.2018 | 36200 | പ്രോജക്ട് അസിസ്റ്റന്റുമാരുടെ 06/2018 ലെ ശമ്പളം |
| 7 | 117/11.07.2018 | 151 | ശ്രീ. ശ്രീജിത്തിന്റെ ടി.എ |
| 8 | 143/04.08.2018 | 35525 | പ്രോജക്ട് അസിസ്റ്റന്റുമാരുടെ 07/2018 ലെ ശമ്പളം |
| 9 | 149/21.08.2018 | 127 | ശ്രീ. ശ്രീജിത്തിന്റെ ടി.എ |
| 10 | 178/15.09.2018 | 33653 | പ്രോജക്ട് അസിസ്റ്റന്റുമാരുടെ 08/2018 ലെ |

| | | | |
|---|---|---|---|
| | | | ശമ്പളം |
| 11 | 209/15.10.2018 | 34517 | പ്രോജക്ട് അസിസ്റ്റൻ്റുമാരുടെ 09/2018 ലെ ശമ്പളം |
| 12 | 257/03.11.2018 | 35525 | പ്രോജക്ട് അസിസ്റ്റൻ്റുമാരുടെ 10/2018 ലെ ശമ്പളം |
| 13 | 274/17.11.2018 | 284 | ശ്രീ. ശ്രീജിത്തിന്റെ ടി.എ |
| 14 | 290/03.12.2018 | 35525 | പ്രോജക്ട് അസിസ്റ്റൻ്റുമാരുടെ 11/2018 ലെ ശമ്പളം |
| 15 | 353/22.12.2018 | 126 | ശ്രീ. ശ്രീജിത്തിന്റെ ടി.എ |
| 16 | 365/05.01.2019 | 35202 | പ്രോജക്ട് അസിസ്റ്റൻ്റുമാരുടെ 12/2018 ലെ ശമ്പളം |
| 17 | 399/04.02.2019 | 32269 | പ്രോജക്ട് അസിസ്റ്റൻ്റുമാരുടെ 01/2019 ലെ ശമ്പളം |
| 18 | 402/04.02.2019 | 138 | ശ്രീ. ശ്രീജിത്തിന്റെ ടി.എ |
| 19 | 419/19.02.2019 | 131 | ശ്രീ. ശ്രീജിത്തിന്റെ ടി.എ |
| 20 | 429/05.03.2019 | 33064 | പ്രോജക്ട് അസിസ്റ്റൻ്റുമാരുടെ 02/2019 ലെ ശമ്പളം |
| 21 | 459/18.03.2019 | 116 | ശ്രീ. ശ്രീജിത്തിന്റെ ടി.എ |
| | ആകെ | ₹430142/- | |

നിർവാഹക സമിതി തീരുമാനിച്ച തുകയേക്കാൾ കൂടുതൽ ചെലവഴിച്ചിട്ടും, സമഗ്രമലയാളം ഓൺലൈൻ നിഘണ്ടുവിന്റെ ഒന്നാംഘട്ടം പോലും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത പ്രോജക്ടിന്റെ നിലവിലെ പ്രവർത്തന പുരോഗതി അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/14.11.2019) ലഭ്യമാക്കിയ മറുപടിയിൽ, നിഘണ്ടുവിന് ആവശ്യമായ വാക്കുകളുടേയും അവയുടെ അർത്ഥങ്ങളുടേയും ഇംഗ്ലീഷ് വാക്കുകളുടേയും സംശോധന ചുമതല പത്രപ്രവർത്തകയായ ശ്രീമതി. മലീഹ രാഘവയ്യയെ ഏൽപിച്ചുവെന്നും, പ്രസ്തുത ജോലിക്കുള്ള പ്രതിഫലം ഒരു ലക്ഷം രൂപയായി നിശ്ചയിച്ച് മലീഹ രാഘവയ്യയുമായി സർവകലാശാല കരാർ പത്രം ഒപ്പുവെച്ചുവെന്നും ഈ ജോലിയുടെ 80 ശതമാനത്തോളം പൂർത്തിയാക്കിയിട്ടും മുൻവർഷം നൽകിയതുൾപ്പെടെ 55,000/- രൂപ മാത്രമേ പ്രതിഫലം നൽകിയിട്ടുള്ളൂ എന്നതിനാൽ ബാക്കി ജോലികൾ നിർത്തിവെച്ചിരിക്കുകയാണെന്നും, കൂടാതെ ഇംഗ്ലീഷ് വാക്കുകളുടെ പരിശോധന പൂർത്തിയാക്കുകയും സ്വനലേഖനം ഉൾപ്പെടുത്തുകയും വിദഗ്ധന്റെ സംശോധനാ സേവനം ലഭ്യമാക്കുകയും ചെയ്താൽ നിഘണ്ടുവിന്റെ ഒന്നാം ഘട്ടം പൂർത്തിയാക്കാൻ കഴിയുമെന്നും അറിയിച്ചിട്ടുണ്ട്.

പ്രോജക്ടിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ടിന്റെ പ്രവർത്തന പുരോഗതി അവലോകനം ചെയ്യുന്നതിനും മേൽനോട്ടം നടത്തുന്നതിനും ഫലപ്രദമായ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

2. നിഘണ്ടുവിന്റെ സംശോധനത്തിനും കുറ്റങ്ങൾ പരിഹരിക്കുന്നതിനും വിദഗ്ധരുടെ സേവനം ലഭ്യമാക്കിയിട്ടില്ല.

3. അടങ്കൽ തുകയിൽ കൂടുതൽ ചെലവഴിച്ചിട്ടും നിഘണ്ടു ഓൺലൈനിൽ ലഭ്യമാക്കിയിട്ടില്ല.

മേൽ സാഹചര്യത്തിൽ, പ്രോജക്ടിന്റെ പ്രവർത്തനപുരോഗതി സർവകലാശാല അടിയന്തിരമായി അവലോകനം നടത്തേണ്ടതും, പ്രോജക്ട് പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 3-8 ലൈബ്രറി സ്റ്റാഫ് - ശ്രീ. ജയരാജൻ.പി എന്നവരുടെ ശമ്പള വിതരണത്തിലെ അപാകത

